**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 48** **01-02-2023 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ എത്ര പേർക്കാണ് പി.എസ്.സി. വഴി നിയമനം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | 39,275 (മുപ്പത്തി ഒമ്പതിനായിരത്തി ഇരുന്നൂറ്റി എഴുപത്തിയഞ്ച്) ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് സർക്കാർ മേഖലയിൽ കൂടുതൽ തൊഴിൽ ലഭിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | കഴിഞ്ഞ 6 വർഷത്തിനിടയിൽ പി എസ് സി മുഖേന രണ്ടു ലക്ഷത്തിലധികം നിയമന ശിപാർശകളാണ് നൽകിയത്. ഇന്ത്യയിലെ മറ്റു സ്ഥാപനങ്ങളെ അപേക്ഷിച്ച് ഇത് ഉയർന്ന നിരക്കാണ്. ഒഴിവുകൾ യഥാസമയം നികത്തിയതിലൂടെയും പുതുതായി തസ്തികകൾ സൃഷ്ടിച്ചു നിയമനം നടത്തിയതിലൂടെയുമാണ് ഈ നേട്ടം കൈവരിക്കാനായത്.<br><br>നിയമന നടപടികൾ കൂടുതൽ വേഗത്തിലാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി തെരഞ്ഞെടുപ്പ് നടപടികൾക്ക് പി എസ് സി ഓൺലൈൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി വരുന്നു. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ റാങ്ക് പട്ടിക തയ്യാറാക്കുന്നത് വരെ മുഴുവൻ നടപടികളും കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ട്. വിവിധ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ അവ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖേന പി എസ് സിയ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അത്തരത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾക്ക് കൃത്യമായ റൊട്ടേഷൻ ക്രമം പാലിച്ചുകൊണ്ട് പി എസ് സി നിയമന ശിപാർശ നൽകിവരുന്നുണ്ട്.<br><br>2023 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി പി എസ് സിയ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്നത് പരിശോധിക്കുവാൻ അതത് വകുപ്പ് |

| | | | |
|---|---|---|---|
| | | | സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പും വിവിധ കാര്യാലയങ്ങളിൽ നേരിട്ട് പരിശോധന നടത്തി, റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ ആയത് റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ഒഴിവുകൾ കൃത്യമായി പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (സി) | കഴിഞ്ഞ 6 വർഷത്തിനിടയിൽ പി എസ് സി മുഖേന രണ്ടു ലക്ഷത്തിലധികം നിയമന ശിപാർശകളാണ് നൽകിയത്. ഇന്ത്യയിലെ മറ്റു സ്ഥാപനങ്ങളെ അപേക്ഷിച്ച് ഇത് ഉയർന്ന നിരക്കാണ്. ഒഴിവുകൾ യഥാസമയം നികത്തിയതിലൂടെയും പുതുതായി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയതിലൂടെയുമാണ് ഈ നേട്ടം കൈവരിക്കാനായത്.<br><br>നിയമന നടപടികൾ കൂടുതൽ വേഗത്തിലാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി തെരഞ്ഞെടുപ്പ് നടപടികൾക്ക് പി എസ് സി ഓൺലൈൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി വരുന്നു. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ റാങ്ക് പട്ടിക തയ്യാറാക്കുന്നത് വരെ മുഴുവൻ നടപടികളും കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ട്. വിവിധ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ അവ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖേന പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അത്തരത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾക്ക് കൃത്യമായ റൊട്ടേഷൻ ക്രമം പാലിച്ചുകൊണ്ട് പി എസ് സി നിയമന ശിപാർശ നൽകിവരുന്നുണ്ട്.<br><br>2023 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി പി എസ് സിയ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്നത് പരിശോധിക്കുവാൻ അതത് വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പും വിവിധ കാര്യാലയങ്ങളിൽ നേരിട്ട് പരിശോധന നടത്തി, റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ ആയത് റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ